8. ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിനായി ഒരു വർഷം മുന്നു മാസത്തിൽ കൂടുതൽ ഒരു ഇൻസ്പെക്ടറേയും നിയമിക്കാതിരിക്കുന്നതിനായി പുൾ സിസ്റ്റം നിലവിലുണ്ട്.

9. നികുതി ചോർച്ച തടയുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഇൻവെസ്റ്റിഗേഷൻ വിംഗ് 2003 മുതൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ തന്നെ 52 ഇനം സാധനങ്ങൾക്ക് പ്രവേശന നികുതി ഈടാക്കുന്നുണ്ട്. അതിൽ 7 ഇനങ്ങൾക്ക് പ്രവേശനഘട്ടത്തിൽത്തന്നെ നികുതി ബാധകമാണ്. ഇതുമൂലം കള്ളക്കടത്തും നികുതി ചോർച്ചയും വലിയ ഒരളവോളം തടയാൻ കഴിയുന്നു.

(ബി) 6081.13 കോടി രൂപ. ഇത് 2002-2003 വർഷത്തേക്കാൾ 700.50 കോടി രൂപ കൂടുതലാണ്.

ലഘുസമ്പാദ്യ പദ്ധതി

21 [1153] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-2004-ൽ വർഷത്തിൽ സംഭരിച്ച ലഘുസമ്പാദ്യ തുക എത്രയാണ്;

(ബി) ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് വളരെ കുറവാണെന്നത് ഈ പദ്ധതികളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിനു തടസ്സമായി നിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ ലഘുസമ്പാദ്യ പദ്ധതിയിലൂടെ 4369.58 കോടി രൂപ മൊത്ത നിക്ഷേപമായും 2028.68 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിച്ചു.

(ബി) ഇല്ല. കഴിഞ്ഞ രണ്ട് വർഷങ്ങളായി ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് ദേശസാൽകൃത ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും പലിശനിരക്കിനേക്കാൾ ആകർഷകമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly